LIBRARY ARCHIVES Kerala Legislative Assembly

രൂപയിൽ അധികരിക്കാത്ത വാർഷികവരുമാനമുള്ള വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപവരെ വിദേശ പഠനത്തിനായി ഓവർസീസ് സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞതും കേരളത്തിലാദ്യമായി പട്ടികജാതി വിഭാഗങ്ങൾക്ക് 3 എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ചതും ശ്രദ്ധേയമാണ്. അതോടൊപ്പംതന്നെ ഈ സമുദായങ്ങളുടെ പൊതുവായിട്ടുണ്ടായിരുന്ന ആവശ്യങ്ങൾ, ക്ഷേമ പ്രവർത്തനങ്ങളോടൊപ്പംതന്നെ അയ്യങ്കാളി ദിനം പൊതു അവധി ദിനമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു, അത് പ്രഖ്യാപിക്കുവാൻ കഴിഞ്ഞു. അതോടൊപ്പം വിശ്വകർമ്മ വിഭാഗത്തിന് വിശ്വകർമ്മ ദിനം അവധിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അത് നിയന്ത്രിത അവധിയായി പ്രഖ്യാപിച്ചു. സർക്കാർ പിന്നോക്കക്ഷേമ പട്ടികജാതി വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിയ ഇത്തരം പ്രവർത്തനങ്ങളോടൊപ്പം എടുത്തുപറയത്തക്കതാണ് മുന്നോക്കക്ഷേമ കോർപ്പറേഷൻ രൂപീകരണം. അതുപോലെതന്നെ മന്നം ജയന്തി പൊതുഅവധിയായി പ്രഖ്യാപിച്ചതും മുന്നോക്കക്ഷേമ കമ്മീഷനുൾപ്പെടെ നടപ്പാക്കിയതും എല്ലാ വിഭാഗങ്ങളേയും ഒരുപോലെ കണ്ട് കാര്യങ്ങൾ നടപ്പാക്കുന്ന എന്നതിന്റെ തെളിവാണ്. മറിച്ച് ഈ ഗവൺമെന്റ് ഏതെങ്കിലും ഒരു വിഭാഗത്തിനുവേണ്ടി, പ്രത്യേകിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനർഹമായി ആനുകൂല്യങ്ങൾ നൽകുന്നുവെന്നുള്ള പ്രചരണം അടിസ്ഥാനരഹിതമാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെങ്കിലും നൽകുന്നുണ്ടെങ്കിൽ അത് അവർക്ക് അർഹതപ്പെട്ടതാണ് എന്നുകൂടി സൂചിപ്പിക്കുകയാണ്. അങ്ങനെ എല്ലാ വിഭാഗം ജനങ്ങളുടേയും താൽപ്പര്യം പരമാവധി സംരക്ഷിക്കുവാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. മറ്റ് അനുബന്ധമായ കാര്യങ്ങൾ എന്ന നിലയിൽ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ പ്രത്യേകിച്ച് കൂടുതൽ പ്രചരണം നടത്തുവാനുള്ള ജനങ്ങളിലേയ്ക്ക് എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

(15) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

<u>ശ്രീ. ആർ. രാജേഷ്</u>: സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ കാലോചിതമായി പരിഷ്കരിച്ച് വർദ്ധിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ

ആവശ്യപ്പെടുന്നത്. ഇപ്പോൾ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കൂടിശ്ശികയായിട്ടുണ്ട്. ആ കുടിശ്ശികകൂടി കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 250 രൂപ, 5 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് 500 രൂപ, 8 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 750 രൂപ, പ്ലസ് ടു - 900 രൂപ, ഡിഗ്രി - 950 രൂപ, പി.ജി. - 1250 രൂപ എന്നിങ്ങനെയാണ് ഇപ്പോൾ നൽകുന്നത്. വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ കാര്യത്തിൽ വലിയൊരു വർദ്ധനവുണ്ടാകണം. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വർഗ്ഗീയശക്തികൾ വലിയ കാപട്യം നിറഞ്ഞ പ്രചരണങ്ങൾ അഴിച്ചുവിടുന്നത് ഇത്തരം മേഖലയിലാണ്. മതസ്പർദ്ധ ഉണ്ടാകുന്ന രീതിയിലുള്ള വലിയ പ്രചരണമാണ് അടിസ്ഥാനമില്ലെങ്കിൽക്കൂടി ഇക്കാര്യത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നത് സമൂഹത്തിന്റെ പൊതു ആവശ്യമാണ്. അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുകകൾ ഈ ഗവൺമെന്റ് വന്നയുടനെ വർദ്ധിപ്പിച്ചതാണ്. നിലവിലുള്ള സാഹചര്യമെന്നുപറയുന്നത് 25 ശതമാനം വർദ്ധനവാണ് സൂചിപ്പിച്ചിരിക്കുന്നത്. ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് അതായത് 8 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റായി നൽകിയിരുന്നത് 330 രൂപയായിരുന്നു. അത് 750 രൂപയാക്കി വർദ്ധിപ്പിച്ചു. യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന 240 രൂപ 500 രൂപയാക്കി വർദ്ധിപ്പിച്ചു. അതോടൊപ്പംതന്നെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ് അലവൻസ് 1300, 1500 എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 2000, 2300 രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ വകുപ്പിന്റെ കീഴിലുള്ള MRS- കളിലെ മെസ് അലവൻസ് പത്താംക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 1300 രൂപയിൽനിന്നും 2000 രൂപയായും പ്ലസ് ടു വിദ്യാർത്ഥികൾക്ക് 1500 രൂപയിൽനിന്നും 2300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അയ്യങ്കാളി സ്പോർട്സ് എം.ആർ.എസ്.-ലെ ഒരു വിദ്യാർത്ഥിക്ക് ഒരു ദിവസത്തേയ്ക്ക് നൽകിവന്നിരുന്ന മെസ് അലവൻസ് 80 രൂപയിൽനിന്നും 130 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ 22-3-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒൻപത്, പത്ത്

LIBRARY ARCHIVES Kerala Legislative Assembly

എന്നീ ക്ലാസുകളിലെ കുട്ടികൾക്ക് കേന്ദ്ര സഹായത്തോടുകൂടി പ്രീ-മെട്രിക് സ്കോളർഷിപ്പായി പ്രതിവർഷം 2250 രൂപ അനുവദിച്ചുവരുന്നു. ഇത് വളരെ കുടുതലുണ്ട്. ഇതൊക്കെ സമ്പൂർണ്ണമായ പരിഹാരമാണ് എന്നല്ല. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാർത്ഥികൾക്ക് പരമാവധി സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. ശ്രീ. വി.റ്റി. ബൽറാം സൂചിപ്പിച്ചതുപോലെ, ഇവിടെയും മറിച്ചുള്ള പ്രചരണങ്ങളുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യം കൊടുക്കുന്നില്ലെന്ന് പറയുന്ന എസ്.സി. വിഭാഗം സംഘടനകൾതന്നെയുണ്ട്. അത് തെറ്റാണ്. ന്യൂനപക്ഷ വിഭാഗത്തിലെ വരുമാന പരിധിക്കുതാഴെ ഉള്ളവർക്കു മാത്രമാണ് ആനുകൂല്യങ്ങൾ കൊടുക്കുന്നത്. എസ്.സി. വിഭാഗത്തിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആനുകൂല്യം കൊടുക്കുന്നുണ്ട്. അത്തരത്തിലുള്ള താരതമ്യ പഠനം ഒരിക്കലും നമ്മുടെ സമൂഹത്തിന് നല്ലതല്ല. എസ്.സി./എസ്.ടി. വിഭാഗങ്ങൾ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നുവെന്നുള്ളതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പരമാവധി കാര്യങ്ങൾ ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് അങ്ങയെ അറിയിക്കുകയാണ്.

(16) ദേശീയപാതയിലെ അപകട സാധ്യത

<u>ശ്രീ. വർക്കല കഹാർ:</u> സർ, തിരുവനന്തപുരം ജില്ലയിലെ കടമ്പാട്ടുകോണം മുതൽ ആറ്റിങ്ങൽ വരെയുള്ള പ്രദേശം വലിയ അപകട മേഖലയാണ്. 83 പേരാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ മേഖലയിലുണ്ടായ വിവിധ അപകടങ്ങളിൽ മരിച്ചത്. ഏറ്റവുമൊടുവിൽ മാമത്തുണ്ടായ അപകടത്തിൽപെട്ടത് ഒരു സ്കൂൾ ബസ്സായിരുന്നു. ആ അപകടത്തിൽ 3 പേർ മരിക്കുകയും മുപ്പതോളം ആളുകൾ ആശുപത്രികളിലുമാണ്. അതിൽ 7 പേരുടെ നില വളരെ ഗുരുതരമാണ്. മാത്രമല്ല, ഓരോ അപകടവും അംഗഭംഗം വന്ന ആളുകളേയും ജീവിതം മുഴുവൻ നരകയാതന അനുഭവിക്കുന്ന ആളുകളേയും സൃഷ്ടിക്കുകയാണ്. ഇതിന് പരിഹാരമായി ഒന്നും ചെയ്യാനില്ലേ എന്നാണ് എല്ലാവരുടേയും ചോദ്യം. ഇത്രയും വലിയൊരു അപകടമേഖലയിൽ ഇതുവരെ സർക്കാരിന് ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ സങ്കടകരമായ കാര്യമാണ്. ഞാൻ രണ്ട് വർഷത്തിനുമുമ്പ് ഇക്കാര്യത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടിരുന്നു. അന്ന് ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നുള്ളതിന്റെ റിപ്പോർട്ട് നൽകാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകി. പക്ഷെ ഇക്കാര്യത്തിൽ കാര്യമായ ഒരു നടപടിയും കളക്ടറുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly